# "ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ചവറ ബി.ജെ.എം ഗവ കോളജിലെ ഓഫീസ് അറ്റന്റന്റ് ശ്രീ ഷിബു കുമാർ എസ് ന് - ഓഫീസ് അറ്റന്റന്റ്/മാർക്കർ/നൈറ്റ് വാച്ച്മാൻ എന്നിവരുടെ അന്തിമ മുൻഗണന പട്ടികയിൽ താല്കാലികമായി സ്ഥാനം പുനർനിർണയിച്ച് - ഉത്തരവാകുന്നു .

---

ഉത്തരവ് നമ്പർ:C3/35415/2021/DCEതിരുവനന്തപുരം തീയതി:04.09.2022

---

*പരാമർശം:*-1)06.05.2016 തിയതിയിലെ സി3/6168/2016/കോ.വി.വ നമ്പർ ഉത്തരവ് പ്രകാരമുള്ള ഓഫീസ് അറ്റന്റന്റ്/നൈറ്റ് വാച്ച്മാൻ/മാർക്കർ എന്നിവരുടെ അന്തിമ മുൻഗണന പട്ടിക.
2)18.03.2022 ലെ എഫ് 1/185/2021/ഉ.വി.വ നം സർക്കാർ കത്ത് .

### ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഓഫീസ് അറ്റന്റന്റ്/നൈറ്റ് വാച്ച്മാൻ/മാർക്കർ ജീവനക്കാരുടെ അന്തിമ മുൻഗണന പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ചവറ ബി.ജെ.എം ഗവ കോളേജിലെ ഓഫീസിൽ അറ്റന്റന്റ് ശ്രീ ഷിബു കുമാർ നു മണ്ണ് സംരക്ഷണ വകുപ്പിൽ ലാസ്കർ തസ്തികയിലേക്ക് കൊല്ലം ജില്ലാ പി.എസ്.സി ഓഫീസിൽ നിന്നും 13.08.2015 -ൽ നിയമന ശിപാർശ നൽകിയിരുന്നു . കമീഷന്റെ നിയമന ശിപാർശ പരിശോധന വിഭാഗത്തിന്റെ തുടർ പരിശോധനയിൽ ഉദ്യോഗാർത്ഥികളെ അനുവദിച്ചതിൽ വകുപ്പുകൾ പരസ്പരം മാറിപ്പോയെന്ന് കണ്ടെത്തിയതിനാൽ ടിയാന്റെ മണ്ണ് സംരക്ഷണ വകുപ്പിലെ നിയമനം റദ്ദ് ചെയ്തു കോളേജ് വിദ്യാഭ്യാസ വകുപ്പിലേക്കുള്ള നൈറ്റ് വാച്ച്മാൻ തസ്തികയിലേക്ക് ടിയാനെ ശിപാർശ ചെയ്തു. ടിയാനെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ചവറ ബി.ജെ.എം ഗവ കോളേജിൽ നൈറ്റ് വാച്ച്മാൻ തസ്തികയിൽനിയമിച്ചു.

സൂചന (1) പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഓഫീസ് അറ്റന്റന്റ്/മാർക്കർ/നൈറ്റ് വാച്ച്മാൻ ജീവനക്കാരിൽ 31.08.2015 വരെ നിയമന ശിപാർശ ചെയ്തു ജീവനക്കാരുടെ അന്തിമ മുൻഗണന പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട് . എന്നാൽ പ്രസ്തുത മുൻഗണന പട്ടിക അന്തിമരൂപം നൽകിയതിനു ശേഷമാണ് ശ്രീ,ഷിബുകുമാറിന്റെ നിയമന ശിപാർശ ലഭിച്ചത്. പ്രസ്തുത നിയമന ശിപാർശയിൽ ടിയാന്റെ എഫക്ടീവ് അഡ്വൈസ് തീയതി 13.08.2015 ആണ്. ഒരിക്കൽ അന്തിമരൂപം നൽകിയ മുൻഗണന പട്ടികയിലെ സ്ഥാനം മാറ്റം വരുത്തുന്നതിന് സർക്കാർ അനുമതി അവശ്യമായതിനാൽ ടി വിഷയത്തിന്മേൽ സർക്കാർ സ്പഷ്ടീകരണം ആവശ്യപ്പെടുകയും പരാമർശം (2) പ്രകാരം സർക്കാർ സ്പഷ്ടീകരണം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ കെ.എസ്.ആർ ഭാഗം II ചട്ടം 27(സി) പ്രകാരം പ്രസ്തുത പി.എസ്.സി എഫക്ടീവ് അഡ്വൈസ് തിയതിയായ 13.08.2015 അടിസ്ഥാനമാക്കി ശ്രീ ഷിബു കുമാർ എസ് നു അർഹമായ സ്ഥാനം നൽകി സീനിയോരിറ്റി പുനഃ ക്രമീകരിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള അന്തിമ

മുൻഗണന പട്ടികയിൽ ശ്രീ ഷിബുകുമാർ എസ് ന ക്രമ നമ്പർ 356 നും 357 നും ഇടയിൽ 356 എ ആയി താൽകാലികമായി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

മേൽ പരാമർശിച്ച പ്രകാരം ശ്രീ ഷിബു കുമാർ എസ് ന്റെ മുൻഗണന ക്രമം താൽകാലികമായി നിശ്ചയിച്ചതിന് എതിരെ എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉള്ളപക്ഷം ആയതു നേരിട്ടോ പ്രിൻസിപ്പാൾ മുഖേനയോ രേഖകൾ സഹിതം ഒരാഴ്ചയ്ക്കുള്ളിൽ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

# Approval Valid

Digitally Approved By

സജിത്ത് കെ.ഐ

Date: 04.09.2022

Reason: Approved

Sd/-

സജിത്ത് കെ.ഐ

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

0471-2303548

dir.colledn@kerala.gov.in

പകർപ്പ്,

1) ബന്ധപ്പെട്ട എല്ലാവർക്കും

2) കരുതൽ ഫയൽ/നടപ്പ് ഫയൽ